(സി) വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള പരാതികൾ അറിയിക്കുന്നതിന് ഒരു വെബ്സൈറ്റും പരാതി പരിഹാര സെല്ലും ആരംഭിക്കാമോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിക്ഷേപകരുടെ പരാതികൾ, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കുവാൻ സംസ്ഥാനത്ത് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സ്റ്റാറ്റ്യൂട്ടറി ഗ്രിവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബിൽ ബഹുമാനപ്പെട്ട മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ 'മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ (CMO Portal)', 'വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമായ പരാതി പരിഹാരം എന്ന പേരിലുള്ള ലിങ്ക്' എന്നിവ മുഖാന്തരം വ്യവസായ സംരംഭങ്ങളുമായി ബന്ധപ്പെട്ട പരാതികൾ നൽകാവുന്നതാണ്. വ്യവസായ സംരംഭങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാതലത്തിൽ നേരിട്ട് കേൾക്കുന്നതിന് ബഹുമാനപ്പെട്ട വ്യവസായ വാണിജ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന 'മീറ്റ് ദി മിനിസ്റ്റർ' പരിപാടിയുടെ ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴിയും പരാതികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റബ്ബർ അധിഷ്ഠിത ചെറുകിടവ്യവസായം ആരംഭിക്കാൻ നടപടി**

166(1896) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

&

(ബി) ഇല്ലെങ്കിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കുള്ള സാധ്യത പരിഗണിച്ച് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായസംരഭങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലില്ല. റബ്ബർ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി CIAL Model-ലിൽ ഒരു റബ്ബർ കമ്പനി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്പനിയുടെ കീഴിൽ ഏറ്റെടുക്കേണ്ട പദ്ധതികൾ സംബന്ധിച്ചുള്ള തീരുമാനങ്ങളെടുത്തുവരികയാണ്. വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലാൻഡിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly